# പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 2092** — **22.01.2014 -ലെ മറുപടിക്ക്**

### കൂരാച്ചുണ്ട് വിദ്യാർത്ഥിനിയെ കാണാതായ കേസ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പുരുഷൻ കടലുണ്ടി** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ബാലുശ്ശേരി മണ്ഡലത്തിലെ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ പൂവ്വത്തുംചോല, കന്നംപുറത്ത് ശ്രീമതി സിന്ധു ബാബുവിന്റെ മകൾ കുമാരി ജ്യോതി ബാബു എന്ന വിദ്യാർത്ഥിനിയെ കാണാതായത് സംബന്ധിച്ച് കൂരാച്ചുണ്ട് പോലീസ് സ്റ്റേഷനിൽ ക്രൈം രജിസ്റ്റർ ചെയ്തിട്ടുണ്ടോ; | (എ) ഇത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂരാച്ചുണ്ട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 253/13 u/s 57 of KP Act altered into Section 366(a) and 376 IPC & Section 4 of POCSO Act പ്രകാരം. |
| (ബി) ഇതു സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ അറിയിക്കാമോ; | (ബി) 22.10.2013-ാം തീയതി കുമാരി ജ്യോതി ബാബു എന്ന വിദ്യാർത്ഥിനിയെ കാണാതായതായി പരാതി ലഭിച്ചതിൻ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരവെ ടി വിദ്യാർത്ഥിനി 23.10.2013-ാം തീയതി കൂരാച്ചുണ്ട് മെഡികെയർ സെന്റർ എന്ന ക്ലിനിക്കിൽ വെച്ച് കണ്ടുകിട്ടിയിട്ടുള്ളതുമാണ്. ഈ കേസിന്റെ തുടർന്നുള്ള അന്വേഷണത്തിൽ പ്രതിയായ ഗിരീഷ് എന്നയാൾ 2013 ഒക്ടോബർ മാസം ആദ്യത്തെ ആഴ്ചയിൽ ഒരു ദിവസം പെൺകുട്ടിയെ പ്രലോഭിപ്പിച്ചും ഭീഷണിപ്പെടുത്തിയും പെൺകുട്ടിയുടെ വീട്ടിൽ വെച്ചും ശേഷം 22.10.2013-ാം തീയതി പ്രതിയുടെ വാടക വീട്ടിൽ വിളിച്ചുവരുത്തിയും ബലാത്സംഗം ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. |
| (സി) കുറ്റാരോപിതനായ വ്യക്തിയെ അറസ്റ്റു ചെയ്യുന്നതിന് പോലീസ് നടപടി സ്വീകരിച്ചിട്ടുണ്ടോ? | (സി) പ്രതിയെ അറസ്റ്റ് ചെയ്യുന്നതിനായി ഒരു സ്ക്വാഡ് രൂപീകരിച്ച് അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ